പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1391 — 21/03/2012-ൽ മറുപടിക്ക്

## ആദിവാസി കുടികളിലെ ജീവിത സാഹചര്യം മെച്ചപ്പെടുത്തൽ

ചോദ്യം — മറുപടി

ശ്രീ.കെ. അജിത് :

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കേരളത്തിൽ ആകെ എത്ര ആദിവാസി കുടികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്; | (എ) | പട്ടികവർഗ്ഗ കുടുംബങ്ങളുടെ അടിസ്ഥാന വിവരശേഖരണം (2008)-ൽ ലഭ്യമായ വിവരങ്ങൾ പ്രകാരം കേരളത്തിൽ ആകെ 4644 ആദിവാസികുടികൾ ഉള്ളതായാണ് കണക്കാക്കിയിരിക്കുന്നത്. |
| (ബി) | ഈ കുടികളിലായി എത്ര ആദിവാസി വിഭാഗങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 36 ആദിവാസി വിഭാഗങ്ങൾ ഉള്ളതായി കണക്കാക്കുന്നു. |
| (സി) | ആദിവാസികുടികളിലെ ജീവിത സാഹചര്യം മെച്ചപ്പെടുത്താൻ ഏതെല്ലാം നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കുമോ; | | ആദിവാസി കുടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭവന നിർമ്മാണം, ജലസേചനം, വൈദ്യുതീ-കരണം, കുടിവെള്ള പദ്ധതികൾ, റോഡുകൾ, പാലങ്ങൾ, വിദ്യാഭ്യാസ പദ്ധതികൾ, ആരോഗ്യ പദ്ധതികൾ, കാർഷിക പദ്ധതികൾ, ജീവനോപാധി പ്രവർത്തനങ്ങൾ തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി നടപ്പു സാമ്പത്തിക വർഷം 295.80 കോടി രൂപ വിവിധ പദ്ധതികൾക്കായി വിനിയോഗിച്ചു വരുന്നു. പ്രധാനമായും താഴെ പറയുന്ന പദ്ധതികൾക്കാണ് തുക അനുവദിച്ചു വരുന്നത്.<br>1. കുടിവെള്ള പദ്ധതി<br>2. വൈദ്യുതീകരണം<br>3. വിദ്യാഭ്യാസ പദ്ധതികൾ |

| | | | |
|---|---|---|---|
| | | | 4. ഇ-ഗ്രാന്റ്സ് പദ്ധതികൾ<br>5. ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം.<br>6. ഭവന നിർമ്മാണം<br>7. പ്രാക്തനഗോത്രവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യ വികസനം<br>8. പട്ടികവർഗ്ഗ യുവതികൾക്ക് വിവാഹ ധനസഹായം<br>9. ഫുഡ് സപ്പോർട്ട് പ്രോഗ്രാം<br>10. അടിയ പണിയ പാക്കേജ്<br>11. അതിക്രമങ്ങൾ തടയൽ നിയമം<br>12. വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വികസനം<br>13. പട്ടികവർഗ്ഗ പ്രദേശങ്ങളിൽ കുടുംബശ്രീയുടെ വ്യാപനം<br>14. അയ്യങ്കാളി ടാലന്റ് റിസർച്ച് സ്കീം.<br>15. ഊരുകൂട്ട സംഘാടനം<br>16. ഗ്രൂപ്പ് ഫാമുകൾക്ക് സഹായം<br>17. പട്ടികവർഗ്ഗ സൊസൈറ്റികളുടെ നവീകരണം<br>18. ഹോസ്റ്റൽ നവീകരണം.<br>19. പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം<br>20. എം.ആർ.എസുകൾ<br>21. ഹെൽത്ത് കെയർ പാക്കേജ് തുടങ്ങി പട്ടികവർഗ്ഗ വിഭാഗ-ങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസ-പരവുമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്ന വിവിധ ക്ഷേമ പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു. |
| (ഡി) | പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ ഉപയോഗിച്ച് ആദിവാസികുടികൾ വൈദ്യുതീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ; | (ഡി) | വൈദ്യുതി എത്തിച്ചേരാത്ത പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി എത്തിക്കു-ന്നതിന് കെ.എസ്.ഇ.ബി.യുമായി ചേർന്ന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>അനർട്ടിന്റെ ആഭിമുഖ്യത്തിൽ സൗരോർജ്ജ വിളക്കുകൾ വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ഇ) | ആദിവാസികുടികളുടെ സമീപം മറ്റു വിഭാഗങ്ങൾ ഭൂമി കൈവശപ്പെടുത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ